Break the Chain

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണവിഭാഗം - 2022-23 അദ്ധ്യയന വർഷത്തെ നക്ഷത്ര സ്കോളർഷിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ - യോഗതീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഭരണവിഭാഗം

**നമ്പർ: 156/എ1/2023/അഡ്മിൻ.** **തീയതി: തിരൂർ, 15.03.2023**

പരാമർശം:- 1) 12.01.2023 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്.

2) വൈസ് ചാൻസലറുടെ 31.01.2023 ലെ ഉത്തരവ്.

## ഉത്തരവ്

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് നൽകുന്ന നക്ഷത്ര സ്കോളർഷിപ്പ് കോവിഡ്-19 കാരണം മുടങ്ങിപ്പോയത് 2022-23 അദ്ധ്യയന വർഷം മുതൽ പുനഃസ്ഥാപിക്കുന്നതിനായി സ്കോളർഷിപ്പിന്റെ സ്വഭാവം, പേര്, തുക തുടങ്ങിയവ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതിനായി ഡോ. സി. സെയ്തലവി (ഡയറക്ടർ, ഭാഷാശാസ്ത്ര സ്കൂൾ) യെ കൺവീനറായി നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) രജിസ്ട്രാർ ഇൻ ചാർജ്, ഡോ. അശോക് ഡിക്രൂസ് (വിദ്യാർത്ഥിക്ഷേമ ഡയറക്ടർ), ഡോ. സി. സെയ്തലവി (ഡയറക്ടർ, ഭാഷാശാസ്ത്ര സ്കൂൾ) എന്നിവർ പങ്കെടുത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ പരാമർശം (2) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ മലയാള സർവ്വകലാശാലയിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകളോടെ നക്ഷത്ര സ്കോളർഷിപ്പ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 'നക്ഷത്ര' എന്ന പേരിൽ നൽകിപ്പോന്നിരുന്ന സ്കോളർഷിപ്പ് അതേ പേരിൽത്തന്നെ പുനരാരംഭിക്കുന്നതാണ്.

ii. ഇരുപത് പേരുള്ള ഒരു ക്ലാസിലെ ആദ്യ മൂന്ന് സ്ഥാനക്കാരായ മൂന്ന് കുട്ടികൾക്ക് 5,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതാണ്.

iii. അപ്രകാരം സ്കോളർഷിപ്പ് നൽകുമ്പോൾ ഒരു ക്ലാസിലെ 15% പേർക്ക് എന്നനിബന്ധന ഏർപ്പെടുത്തുന്നതാണ്.

| അംഗസംഖ്യ | ശതമാനം | എണ്ണം |
|---|---|---|
| 17 മുതൽ 20 വരെ | 15% | 2.55 to 3 = 3 എണ്ണം |
| 10 മുതൽ 16 ഉൾപ്പെടെ | 15% | 1.5 to 2.4 = 2 എണ്ണം |
| 9 ഉം അതിനു താഴെയും | 15% | 0.15 to 1.35 = 1 എണ്ണം |

15% കണക്കാക്കുമ്പോൾ 0.5 ഉം അതിന് മുകളിലുള്ള ദശാംശസംഖ്യയും 1 ആയി കണക്കാക്കേണ്ടതാണ്.

iv. പരിസ്ഥിതിപഠന ഫാക്കൽറ്റിയിൽ സ്കോളർഷിപ്പിന്റെ എണ്ണം കണക്കാക്കുമ്പോൾ ഓരോ വർഷത്തെയും എം.എ.യുടെയും എം.എസ്.സി.യുടെയും കുട്ടികളുടെ എണ്ണം കൂട്ടുമ്പോൾ ലഭിക്കുന്ന സംഖ്യയുടെ 15% മാണ് കണക്കാക്കേണ്ടത്.

v. ഒന്നാം വർഷത്തിലെ അർഹതാനിർണയം:

എ) ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ശേഷം സ്കോളർഷിപ്പ് പരീക്ഷ നടത്തേണ്ടതാണ്.

(തുടർച്ച ....2)

ബി) സ്കോളർഷിപ്പ് പരീക്ഷയുടെ മാർക്ക് (50%) ബിരുദപരീക്ഷയുടെ മാർക്ക് (25%) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മാർക്ക് (25%) എന്ന തോതിൽ വെയിറ്റേജ് കണക്കാക്കിയാണ് സ്ഥാനനിർണയം നടത്തേണ്ടത്.

സി) ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് ക്ലാസ് തുടങ്ങി രണ്ട് ആഴ്ചയ്ക്കകം സ്കോളർഷിപ്പ് പരീക്ഷ നടത്തേണ്ടതാണ്.

vi. രണ്ടാം വർഷത്തിലെ അർഹതാനിർണയം:

എ) ഒന്നും രണ്ടും മൂന്നും സെമസ്റ്ററുകളിലെ CGPA മാത്രമാണ് സ്ഥാനനിർണയത്തിന് പരിഗണിക്കേണ്ടത്.

ബി) മൂന്നാം സെമസ്റ്റർ പരീക്ഷാഫലം വന്ന ഉടനെ തന്നെ അർഹരെ പ്രഖ്യാപിച്ച് സ്കോളർഷിപ്പ് വിതരണം നടത്തേണ്ടതാണ്.

vii. സർക്കാരിന്റെ മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് നക്ഷത്ര സ്കോളർഷിപ്പ് നൽകുന്നതല്ല. ലഭിക്കുന്ന സ്കോളർഷിപ്പ് തുക നക്ഷത്രയുടേതിനേക്കാൾ കുറവാണെങ്കിലും ഏതെങ്കിലുമൊന്ന് മാത്രം സ്വീകരിക്കുവാനുള്ള അവസരം വിദ്യാർഥിക്ക് ഉണ്ടായിരിക്കുന്നതാണ്.

viii. അപേക്ഷാടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. സ്കോളർഷിപ്പിനുള്ള അപേക്ഷയിൽ മറ്റു സ്കോളർഷിപ്പുകളൊന്നും ലഭിക്കുന്നില്ലെന്നും ലഭിക്കുന്നുണ്ടെങ്കിൽ ഏതെങ്കിലുമൊരു സ്കോളർഷിപ്പ് മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നുമുള്ള പ്രതിജ്ഞാപത്രം വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടതാണ്.

ix. ചോദ്യപേപ്പർ തയ്യാറാക്കാനും മൂല്യനിർണയം നടത്താനുമുള്ള ചുമതല സ്കൂൾ ഡയറക്ടർമാർക്കായിരിക്കും.

x. ഓരോ സ്കൂളിലെയും സ്കോളർഷിപ്പുകളുടെ എണ്ണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

xi. ബഹുവികല്പമാതൃകയിലുള്ള 50 ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു മണിക്കൂറുകൊണ്ട് പൂർത്തീകരിക്കുന്നതാകണം ഒന്നാം വർഷക്കാർക്കുള്ള പരീക്ഷ.

xii. അപേക്ഷയുടെ നിശ്ചിത മാതൃക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

xiii. നക്ഷത്ര സ്കോളർഷിപ്പ് നേടുന്നവരുടെ പേരുവിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

രജിസ്ട്രാർ

ഡോ. സി. സെയ്തലവി (ഡയറക്ടർ, ഭാഷാശാസ്ത്ര സ്കൂൾ)

പരീക്ഷാവിഭാഗം

പകർപ്പ്:

വി.സി. കാര്യാലയം/സ്കൂൾ ഡയറക്ടർമാർ/
ഫിനാൻസ് വിഭാഗം/എഫ്.എ.ഒ./എ.എ.ഒ./കമ്പ്യൂട്ടർ പ്രോഗ്രാമർ/
പ്രസിദ്ധീകരണവിഭാഗം/ഐ.ക്യു.എ.സി./ലൈബ്രറി/വെബ്സൈറ്റ്/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവ്വകലാശാല/
ആഫീസ് രേഖ/കരുതൽ രേഖ